File No. LSGD-DD2/43/2019-LSGD

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-27-02-2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് - നിർമ്മലം നിർഭയം(സ്ത്രീ സൗഹൃദ ശുചിത്വ ബ്ലോക്ക്) പദ്ധതിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

==========================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.588/19/തസ്വഭവ** **തിരുവനന്തപുരം, തീയതി, 09.03.2019**

==========================================================================

പരാമർശം: 1.പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.12.18-ലെ കത്തും പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 17.12.18-ലെ II(1)-ാം നമ്പർ തീരുമാനവും

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 17.01.2019-ലെ യോഗത്തിന്റെ 4.1-ാം നമ്പർ തീരുമാനവും 27.02.2019-ലെ യോഗത്തിന്റെ 2.2(4.1)-ാം നമ്പർ തുടർ തീരുമാനവും

## ഉത്തരവ്

പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് നിർമ്മൽ പുരസ്കാര വിഹിതം കൂടി ഉൾപ്പെടുത്തി 2018-19-ലെ വാർഷിക പദ്ധതിയിൽ സ്ത്രീ സൗഹൃദ ശുചിത്വ ബ്ലോക്ക് എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് 'നിർമ്മലം നിർഭയം'.(പ്രോജക്ട് നം.20/19, പദ്ധതി അടങ്കൽ 20 ലക്ഷം രൂപ) കൂടുതൽ ആളുകൾ ഒത്തു ചേരുന്ന ഇടങ്ങളിൽ വേസ്റ്റ് ബിൻ സ്ഥാപിക്കുകയും കൂടുതൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന ഇടങ്ങളിലും വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കുന്ന ഇടങ്ങളിലും സി.സി.ടി.വി.ക്യാമറകൾ സ്ഥാപിച്ച് പോലീസ് കൺട്രോളിനായി പുളിക്കീഴ് പോലീസ് സ്റ്റേഷനിൽ മോണിറ്ററിംഗ് സംവിധാനം സ്ഥാപിക്കുകയുമാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. സി.സി.ടി.വി.സ്ഥാപിക്കാൻ വ്യക്തമായ നിർദ്ദേശങ്ങൾ മാർഗ്ഗരേഖയിൽ ഇല്ലാത്തതിനാൽ പ്രത്യേക അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് കോഓർഡിനേഷൻ കമ്മിറ്റി മുൻപാകെ അപേക്ഷിച്ചിരുന്നു. സി.സി.ടി.വി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ്, മെയിന്റനൻസ് അടക്കമുള്ള ഭാവി പ്രവർത്തനങ്ങളുടെ വിശദാംശം അടക്കമുള്ള റിപ്പോർട്ട് നൽകാൻ 17.01.2019-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ശുചിത്വ മിഷനെ ചുമതലപ്പെടുത്തി. ക്യാമറയിലെ ദൃശ്യങ്ങൾ പോലീസ് സ്റ്റേഷനിൽ മോണിറ്റർ ചെയ്യാൻ പോലീസ് വകുപ്പുമായി ധാരണയിലെത്തിയിട്ടുണ്ടെന്നും മെയിന്റനൻസിന് ഹരിത കർമ്മസേനയെ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയച്ചതിന്റെ അടിസ്ഥാനത്തിൽ 27.02.2019-ലെ കോഓർഡിനേഷൻ കമ്മിറ്റി പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച 27.02.2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സ്ത്രീ സൗഹൃദ ശുചിത്വ ബ്ലോക്ക് എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച 'നിർമ്മലം നിർഭയം' എന്ന പദ്ധതിയ്ക്ക് (പ്രോജക്ട് നം.20/19, പദ്ധതി അടങ്കൽ 20 ലക്ഷം രൂപ) പദ്ധതിയുടെ പ്രവർത്തനം ശുചിത്വ മിഷൻ വിലയിരുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോൾ ഡി**

**ഡെപ്യൂട്ടി സെക്രട്ടറി**

File No. LSGD-DD2/43/2019-LSGD

To

ജില്ലാ കലക്ടർ & മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി,പത്തനംതിട്ട
ജില്ലാ പ്ലാനിംഗ് ഓഫീസർ, പത്തനംതിട്ട.
സെക്രട്ടറി, പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട.
ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ത.സ്വ.ഭ.(ഡി.എ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Anjulal

സെക്ഷൻ ഓഫീസർ